# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2764 — 06.02.2018 ലെ മറുപടി

### ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

| ചോദ്യം<br>ശ്രീ.പി.ഉണ്ണി : | മറുപടി<br>മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളതെന്നും, ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ഒറ്റപ്പാലം അംസംബ്ലി നിയോജക മണ്ഡലത്തിൽ കുളങ്ങളൊന്നും തന്നെ ജലസേചന വകുപ്പ് നവീകരിച്ചിട്ടില്ല |
| (ബി) ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കപ്പെട്ട ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുളങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;<br><br>(സി) ഹരിതകേരളം പദ്ധതി പ്രകാരം എത്ര കുളങ്ങൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി )& (സി)<br><br>പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന 4 കുളങ്ങൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നല്കിയത്.<br><br>1. കുറുമാലി ക്ഷേത്രക്കുളം<br>2. പുത്തൂർ കുളം<br>3. ചെമ്പൻ കുളം<br>4. ചാണ്ടിക്കുളം |
| (ഡി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ? | (ഡി) സാങ്കേതികാനുമതി നല്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ